# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

പട്ടികജാതി കോളനികളെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതി

991 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പട്ടികജാതിക്കാരുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത കോളനികൾക്കുള്ള നടപടി</u>

992 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി.കെ. നാണു
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത കോളനികളായി പട്ടികജാതികോളനികളെ രൂപാന്തരപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക സ്രോതസ് എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) കോളനികളെ തെരഞ്ഞെടുക്കാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർവഹണ ഏജൻസികളായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>എസ്.സി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ</u>

993 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു പഠനത്തിനുശേഷം സർക്കാർ, അംഗീകൃത സ്വാശ്രയ വിഭ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന എസ്. സി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ലംപ്സംഗ്രാന്റ് എന്നിവ നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ മുൻപ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ആനൂകൂല്യം നൽകിയിരുന്നുവോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇപ്രകാരം ആനൂകൂല്യം നൽകിയിരുന്നത്; ആയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; വിശദാംശങ്ങൾ നല്കുമോ;

(സി) 2013-14 അധ്യയന വർഷം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന അർഹരായ എസ്. സി. വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനൂകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്</u>

994 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിൽ ഗ്രാന്റ് നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഗ്രാന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ശ്രീ. അരുൺ പ്രസാദ്. ഡി S/o ദാസ്, പ്രിയങ്ക ഭവൻ, മ്ലാമല എസ്റ്റേറ്റ്, ഇടുക്കി നൽകിയ അപേക്ഷയിന്മേൽ പ്രസ്തുത ഗ്രാന്റ് അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ</u>

995 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് സ്കോർഷിപ്പ് തുകയെ പറ്റിയുള്ള വിശദ വിവരം ലഭ്യമാക്കാമോ;

(ബി) മറ്റ് ന്യൂനപക്ഷ സമുദായങ്ങൾക്ക് ഈയിനത്തിൽ ലഭിക്കുന്ന തുക ഇതിനേക്കാൾ വളരെ കൂടുതലാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ ഗവൺമെന്റ് പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏതെല്ലാം ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ചികിത്സാ സഹായ നിധി</u>

996 ശ്രീ; കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ചികിത്സാ സഹായ നിധിയിൽ നിന്നും നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് എന്തു തുക സഹായധനമായി അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി

997 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമവകുപ്പിൽ നിന്നും ചികിത്സാധനസഹായമായി അനുവദിച്ച തുക ബന്ധപ്പെട്ട കർഷകർക്ക് മാസങ്ങളായി ലഭിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ: ഇത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ;

(ബി) പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നുളള ചികിത്സാധന സഹായം ഈ സർക്കാർ വന്നതിനുശേഷം വിതരണം ചെയ്തിട്ടുളളത് എത്രയാണെന്ന് ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കാമോ;

(സി) ചികിത്സാ സഹായത്തിന് അപേക്ഷ നൽകുന്ന പട്ടികജാതിയിൽപെട്ടയാളുകൾക്ക് തുക അനുവദിച്ച് കൊണ്ടുളള അറിയിപ്പു കിട്ടി മാസങ്ങളോളം കാത്തിരിക്കുന്ന സാഹചര്യം ഒഴിവാക്കാനും പ്രസ്തുത തുക പോസ്റ്റലായി അയച്ചുകിട്ടാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കോർപ്പസ് ഫണ്ട്, പൂൾഫണ്ട് എന്നിവയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ</u>

998 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമാക്കി അനുവദിച്ചിട്ടുള്ള കോർപ്പസ് ഫണ്ട്, പൂൾഫണ്ട് എന്നിവയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാം; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഈ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ജില്ലാ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതിനുണ്ടായിരുന്ന സംവിധാനം പിൻവലിച്ചുകൊണ്ട് ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ വർഷം പൂൾ ഫണ്ടിലും ക്രിട്ടിക്കൽ ഗ്യാപ്ഫില്ലിംഗ് സ്കീമിലും എന്ത് തുക വക കൊള്ളിച്ചിട്ടുണ്ട്; ഇതിൽ എന്ത് തുക നാളിതുവരെ ചെലവഴിച്ചു; ഇത് എന്തെല്ലാം സ്കീമുകൾക്കാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

എസ്. സി. പി. ഫണ്ട് വിനിയോഗം

999 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി പി. അയിഷാ പോറ്റി
ഡോ. കെ. ടി. ജലീൽ
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. സി. പി. ഫണ്ട് വിനിയോഗത്തിൽ കുറവു വരുത്തിയാൽ അത് അടുത്ത ഫണ്ടിൽ കൂടുതലായി ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന ഉത്തരവ് റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) അത് ദുർബലവിഭാഗക്കാർക്കായുള്ള വികസന പദ്ധതികളെ പ്രതികൂലമായി ബാധിക്കുമെന്ന് കാര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ നടപടി തിരുത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പട്ടിക വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്നതിന് പ്രത്യേക പദ്ധതി</u>

1000 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി.യു കുരുവിള
,, സി. എഫ് തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ വന്നിട്ടുള്ളത് എഴുതി തള്ളുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ മൂലം എത്ര പേർക്ക് പ്രയോജനം ലഭിച്ചു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ വായ്പ</u>

1001 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദ സഞ്ചാരവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗങ്ങൾക്ക് 5 വർഷം മുമ്പ് അനുവദിച്ച എല്ലാ ഭവനനിർമ്മാണ വായ്പകളും എഴുതിതള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ഐെസറ്റ്സിൽ പരിശീലനം ലഭിച്ചതും ഐ.എ.എസ്. ലഭിച്ചവരുടെയും വിശദാംശം

1002 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഐ.എ.എസ്. കോച്ചിംഗ് സെന്ററായ 'ഐെസറ്റ്സ്' എന്നാണ് ആരംഭിച്ചത്; ഇതുവരെ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; അതിൽ എത്ര പേർക്ക് ഐ.എ.എസ് ലഭിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മറ്റ് സമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകാറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനത്തിൽ പരിശീലനം ലഭിച്ച പട്ടികജാതിക്കാരല്ലാത്ത എത്ര ഉദ്യോഗാർത്ഥികൾക്ക് ഐ.എ.എസ് ലഭിച്ചിട്ടുണ്ട് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപയാണ് ഈ സ്ഥാപനത്തിന് വേണ്ടി നീക്കിവച്ചത്. അതിൽ എത്ര രൂപാ ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ

1003 ശ്രീ. പി.ടി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പട്ടികജാതി വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിക്കാൻ തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നിനും ഭരണാനുമതി ലഭിച്ച തീയതി ഏതെന്ന് വ്യക്തമാക്കാമോ ;

(സി) ഇവയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഇവ ഓരോന്നും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇവ ഓരോന്നിനും ആവശ്യമായ സ്ഥലം വകുപ്പിന് ലഭ്യമാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ചക്കിട്ടപാറ പഞ്ചായത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

1004 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപാറ പഞ്ചായത്തിൽ പട്ടികജാതി ക്ഷേമ വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര സ്ഥലമുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലത്ത് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പേരാമ്പ്ര മണ്ഡലത്തിൽ ഐ.ടി.ഐ.</u>

1005 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്ഷേമ വകുപ്പിന് കീഴിൽ പേരാമ്പ്ര മണ്ഡലത്തിൽ ഒരു ഐ.ടി.ഐ. സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

താനൂര്‍ കെ. പുരം ഐ.ടി.സി

1006 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) താനൂര്‍ കെ. പുരം ഐ.ടി.സിയില്‍ കാലാനുസൃതമായ നവീന തൊഴിലധിഷ്ഠിത കോഴ്സുകള്‍ നിലവിലില്ലെന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) എല്ലാ അടിസ്ഥാന സൗകര്യങ്ങളും നിലവിലുള്ള ഇവിടെ പുതിയ കോഴ്സുകള്‍ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കാമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

പിന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിന് പ്രത്യേക പാക്കേജ്

1007 ശ്രീ. ബെന്നി ബെഹനാൻ

" അൻവർ സാദത്ത്

" വർക്കല കഹാർ

" സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നാക്ക സമുദായ ക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ ക്ഷേമത്തിന് പ്രത്യേക പാക്കേജുകൾ തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം സമുദായക്കാർക്കാണ് ഇതിന്റെ പ്രയോജന ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പ പദ്ധതി</u>

1008 ശ്രീ. ബെന്നി ബെഹനാന്‍
,, അന്‍വര്‍ സാദത്ത്
,, വര്‍ക്കല കഹാര്‍
,, ആര്‍ സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളെ തിരഞ്ഞെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;;

(സി) സന്നദ്ധ സംഘടനകളെ എംപാനല്‍ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങള്‍ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത്; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പട്ടികജാതി - പിന്നോക്ക സമുദായങ്ങൾക്കു വേണ്ടിയുള്ള പദ്ധതികൾ</u>

1009 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ പദ്ധതികളാണ് പുതുതായി ആരംഭിച്ചത് ; വിശദമാക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിൽ മരുതോങ്കര പഞ്ചായത്തിൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ചിത്തപ്പാറ ഹരിജൻ കോളനിയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം

1010 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ-നിലീശ്വരം ഗ്രാമ പഞ്ചായത്തിലെ ചിത്തപ്പാറ ഹരിജൻ കോളനിയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>എമര്‍ജിംഗ് കേരള</u>

1011 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, വി. ശിവന്‍കുട്ടി
,, എ. പ്രദീപ്കുമാര്‍
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എമര്‍ജിംഗ് കേരളയില്‍ ടൂറിസവുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച പദ്ധതികള്‍ ഏതൊക്കെയായിരുന്നു; ഇതില്‍ ഏതൊക്കെ പദ്ധതികളാണ് കമ്പനികള്‍ താല്പര്യം പ്രകടിപ്പിച്ചത്;

(ബി) ഏതൊക്കെ പദ്ധതികള്‍ക്ക് അനുവാദം നല്‍കിയെന്ന് അറിയിക്കുമോ; ഓരോന്നിനും വേണ്ട മുടക്കുമുതലും സ്ഥലവും എത്രയാണെന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

എമര്‍ജിംഗ് കേരള -വിനോദസഞ്ചാരമേഖല

1012 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എമര്‍ജിംഗ് കേരളയിലൂടെ വിനോദസഞ്ചാരമേഖലയില്‍ എത്ര പ്രോജക്ടുകള്‍ക്ക് ഇതിനകം അനുമതി നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് ഉണ്ടായിട്ടുളളത് എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

എമർജിങ് കേരളയിൽ ടൂറിസം വകുപ്പ് അവതരിപ്പിച്ച പദ്ധതികൾ

1013 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് എമർജിങ് കേരളയിൽ അവതരിപ്പിച്ച പദ്ധതികളുടെ എസ്റ്റിമേറ്റഡ് കോസ്റ്റ് മൊത്തം എത്ര കോടിയാണ് ; പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) നിർദ്ദിഷ്ട പദ്ധതികൾക്ക് നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ ഭൂമി ഉറപ്പായിട്ടുള്ളവ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതെല്ലാം നിക്ഷേപകരെ കണ്ടെത്തുകയുണ്ടായി; നിക്ഷേപകരെ ഉറപ്പാക്കിയ ഏതെല്ലാം പദ്ധതി പ്രവർത്തനങ്ങൾക്ക് തുടർ നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ വർഷവും അടുത്ത സാമ്പത്തിക വർഷവും മേൽപറഞ്ഞ പദ്ധതികളിൽ ഓരോന്നിനും എന്ത് തുക വീതം നിക്ഷേപിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

കേന്ദ്ര സാമ്പത്തിക സഹായത്തിനായി സമർപ്പിക്കപ്പെട്ട ടൂറിസം പദ്ധതികൾ

1014 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തിനായി ഈ സാമ്പത്തിക വർഷം സമർപ്പിക്കപ്പെട്ട ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഇവയിൽ ഇതിനകം കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളവ ഏതൊക്കെ ; ഈ വർഷം എന്തു തുകയുടെ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു;

(സി) മുൻവർഷം കേന്ദ്രാനുമതിക്കായി സമർപ്പിക്കപ്പെട്ട പദ്ധതികളും അനുമതി ലഭിച്ച പദ്ധതികളും തുകയും സംബന്ധിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ടൂറിസം വികസനത്തിന് മാസ്റ്റർ പ്ലാൻ</u>

1015 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏജൻസി ഏതാണ് ; നിയോഗിച്ചത് എപ്പോഴാണ് ; ഏജൻസി പരിഗണിക്കുന്ന വിഷയങ്ങൾ എന്തൊക്കെയാണ് ;

(സി) ഏജൻസിയെ കണ്ടെത്തിയത് ടെണ്ടറിലൂടെയാണോ ; നിശ്ചയിക്കപ്പെട്ട പ്രതിഫലം എത്രയാണെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കായൽ ടൂറിസം വികസന പദ്ധതികൾ</u>

1016 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായൽ ടൂറിസത്തിന്റെ സാധ്യതകളെക്കുറിച്ച് ടൂറിസം വകുപ്പ് പഠനം നടത്തുകയോ ഇതനുസരിച്ച് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുകയോ ചെയ്തിട്ടുണ്ടോ;

(ബി) കായൽ ടൂറിസത്തിന് അനുയോജ്യമായ വൈക്കവുമായി ബന്ധപ്പെടുത്തി കായൽ ടൂറിസത്തിന് പറ്റിയ ടൂറിസം പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കായൽ ടൂറിസം വികസനത്തോടൊപ്പം ഹൗസ് ബോട്ടുകളിലൂടെ ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നൂതന മാർഗ്ഗങ്ങൾ അവലംബിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) അനിയന്ത്രിതമായ ഹൗസ് ബോട്ട് വ്യവസായം മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>നക്ഷത്ര പദവിയുള്ള ഹോട്ടലുകളുടെ വിശദാംശം</u>

1017 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ ഹോട്ടലുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) നിലവിൽ പ്രവൃത്തിച്ചുവരുന്ന ഫോർസ്റ്റാർ, ഫൈവ്സ്റ്റാർ ഹോട്ടലുകൾ എത്രയാണെന്നും അവയിൽ ബാർ ലൈസൻസ് സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നവ എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) നിലവിൽ ത്രീസ്റ്റാർ പദവിയിൽ പ്രവത്തിക്കുന്ന എത്ര ഹോട്ടലുകൾ ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ പദവിയിലേക്ക് ഉയർത്തുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ടൂറിസ്റ്റുകളുടെ സന്ദർശനം</u>

1018 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജനുവരി മുതൽ നവംബർ 30 വരെ എത്ര വിദേശ സഞ്ചാരികൾ കേരളം സന്ദർശിച്ചുവെന്നും ആയതു വഴി സംസ്ഥാനത്തിന് എത്ര കോടി രൂപ ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഏത് രാജ്യത്ത് നിന്നുമാണ് കൂടുതൽ വിദേശ സഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചത്;

(സി) ഇക്കാലയങ്ങളിൽ ഏറ്റവുമധികം ടൂറിസ്റ്റുകൾ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രം ഏതാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാലയളവിൽ എത്ര ആഭ്യന്തര ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചുവെന്നും ആയതു വഴി സംസ്ഥാനത്തിന് എന്ത് തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തിന് വരുമാനം ഉണ്ടാക്കികൊടുക്കുന്നതിൽ ടൂറിസത്തിന് ഇപ്പോൾ എത്രാമത് സ്ഥാനമാണ് ഉള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>വിദേശ വിനോദ സഞ്ചാരികൾ</u>

1019 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ൽ എത്ര വിദേശവിനോദ സഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചുവെന്ന് വ്യക്തമാക്കാമോ; ഏറ്റവുമധികം വിനോദസഞ്ചാരികൾ ഏത് രാജ്യത്തു നിന്നാണ് എത്തിയതെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2012 ജനുവരി 1 മുതൽ ഒക്ടോബർ 31 വരെ കേരളത്തിൽ എത്ര വിദേശ വിനോദസഞ്ചാരികൾ എത്തിച്ചേർന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ശുചീകരണ പരിപാടികൾ</u>

1020 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പതിനാല് ജില്ലകളിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച ശുചീകരണ പരിപാടിക്കുവേണ്ടി ടൂറിസം വകുപ്പ് എന്ത് തുക ചെലവഴിക്കുകയുണ്ടായി ;

(ബി) പ്രസ്തുത പരിപാടിക്ക് ഭരണാനുമതി നൽകിയത് എന്ത് തുകയ്ക്കാണ് ; ഏത് ഏജൻസി വഴി എന്ത് തുക ഇതിനായി ചെലവഴിക്കാനാണുദ്ദേശിക്കുന്നത് ; ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിനുശേഷം ഇതേവരെ ഇതിനായി ഖജനാവിൽ നിന്നും എന്തു തുക ചെലവഴിച്ചു;

(സി) ഒക്ടോബർ 2-ന് രാവിലെ 9 മണിക്ക് കോവളത്ത് മുഖ്യമന്ത്രി നിർവ്വഹിച്ച സമഗ്ര വികസന പദ്ധതിയുടെയും ശുചീകരണ പരിപാടികളുടെയും സംസ്ഥാനതല ഉദ്ഘാടനത്തിന്റെ പരസ്യം ഏതെല്ലാം മാധ്യമങ്ങൾക്ക് നൽകുകയുണ്ടായി ; ഇതിന്റെ മൊത്തം ചെലവ് എത്രയാണെന്നറിയിക്കുമോ ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിങ് ടെക്നോളജി</u>

1021 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര അനുമതിയോടെ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിങ് ടെക്നോളജി - ഇൻസ്റ്റിറ്റ്യൂട്ടുകൾ എത്രയാണ് ; വിശദമാക്കാമോ ;

(ബി) നിലവിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ കോഴ്സുകൾക്ക് ആവശ്യത്തിന് വിദ്യാർത്ഥികളെ ലഭിക്കുന്നുണ്ടോ ; ഓരോ ഇൻസ്റ്റിറ്റ്യൂട്ടിലും നിലവിൽ നടത്തുന്ന കോഴ്സുകളും കുട്ടികളുടെ എണ്ണവും സംബന്ധിച്ച് വിശദമാക്കാമോ ;

(സി) പ്രസ്തുത കോഴ്സുകൾക്ക് സംസ്ഥാനത്ത് വീണ്ടും ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെ ;

(ഡി) കോട്ടയം കേന്ദ്രമാക്കി പുതിയ ഇൻസ്റ്റിറ്റ്യൂട്ടിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ ; ഏത് സ്ഥലത്ത്, ആരാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ടൂറിസം നയം</u>

1022 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം നയം രൂപീകരിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ബീച്ച്</u>

1023 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബീച്ച് ദീർഘനാളായി ലൈറ്റുകൾ പ്രവർത്തിക്കാതെ ഇരുട്ടിൽ കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബീച്ചിൽ എല്ലാ ലൈറ്റുകളും പ്രകാശിപ്പിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ ;

(സി) ബീച്ചിൽ സൗന്ദര്യ വൽക്കരണം നടന്നുവരുന്ന എല്ലായിടത്തും ലൈറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ടൂറിസം വികസനത്തിനായുള്ള പദ്ധതികൾ

1024 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനാണ് കൺസൽട്ടന്റുകളെ നിയോഗിക്കാൻ ദർഘാസ് ക്ഷണിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം ഡെസ്റ്റിനേഷനുകൾക്ക് സ്ഥാപനങ്ങൾ ക്വാട്ട് ചെയ്യുകയുണ്ടായി;

(സി) ക്വാട്ട് ചെയ്തവരിൽ നിന്നും ഡവലപ്പ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് ഏതെല്ലാം ഡെസ്റ്റിനേഷനുകൾക്ക് ഏതെല്ലാം സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എഗ്രിമെന്റ് വെയ്ക്കുകയുണ്ടായി;

(ഡി) എഗ്രിമെന്റിലെ പ്രമുഖ വ്യവസ്ഥകളും ഫീസും സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>ക്ലീൻ കേരള</u>

1025 ശ്രീ. കെ. അച്ചുതൻ
" വി. റ്റി. ബൽറാം
" എ. റ്റി. ജോർജ്
" വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നാക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളാണ് ഈ പദ്ധതിയനുസരിച്ച് ശുചിയാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശവാസികളുടെയും സഹകരണം പദ്ധതിക്കുവേണ്ടി പ്രയോജനപ്പെടുത്തുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനുള്ള ഒരുക്കങ്ങൾ</u>

1026 ശ്രീ. വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സീസണിലെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന് എന്തെല്ലാം ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ ഉൽപ്പന്നങ്ങളും ടൂറിസവും കേരളത്തിന് പുറത്തേക്ക് എത്തിക്കുന്നതിന് എന്തെല്ലാം മുൻഗണനകളാണ് നൽകിയിരിക്കുന്നത്;

(സി) ഇതിന്റെ മുഖ്യ സ്പോൺസർ ആരെല്ലാമാണ് ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഫെസ്റ്റിവൽ ആകർഷകമാക്കുന്നതിന് എന്തെല്ലാം സമ്മാനങ്ങളും ഇളവുകളുമാണ് നൽകാനുദ്ദേശിക്കുന്നത് ;

(ഇ) സമ്മാനങ്ങളിൽ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെൽ</u>

1027 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ഏതൊക്കെ തീയതികളിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) നാളിതുവരെ എത്ര വ്യാപാര സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയായി;

(സി) പുതുതായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിലെ സമ്മാന ഘടന എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സീപ്ലയിൻ സർവ്വീസ്</u>

1028 ശ്രീ. കെ. മുരളീധരൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീപ്ലയിൻ സർവ്വീസ് ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ചാണ് സർവ്വീസ് നടത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സീപ്ലെയിൻ സർവ്വീസ്</u>

1029 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013-ൽ കെ. എസ്.ഐ. ഡി. സി.യ്ക്ക് സീപ്ലെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് അനുവദിച്ചിരിക്കുന്ന 12 കോടി രൂപ വിനിയോഗിച്ച് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) സീപ്ലെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അഡ്വഞ്ചർ ടൂറിസം പദ്ധതി</u>

1030 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് സഹകരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത് ;

(ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഉത്തരവാദിത്ത ടൂറിസം</u>

1031 ശ്രീ. എം.പി. വിൻസെന്റ്
'' സി.പി. മുഹമ്മദ്
'' എം.എ. വാഹീദ്
'' റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) എത്ര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ആരുടെയെല്ലാം സഹകരണം തേടുന്നുണ്ട് ; വിശദമാക്കുമോ ;

(ഇ) തദ്ദേശവാസികൾ, സന്നദ്ധസംഘടനകൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവരുടെ സഹകരണം പദ്ധതി നടത്തിപ്പിനായി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>ടൂറിസം പദ്ധതികൾക്ക് ഫാസ്റ്റ്ട്രാക്ക് അനുമതി</u>

1032 ശ്രീ. ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം പദ്ധതികൾക്ക് അനുമതി നൽകുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഈ സംവിധാനത്തിന്റെ സവിശേഷതകൾ വിശദമാക്കുമോ ;

(സി) എന്ത് തുക വരുന്ന പദ്ധതികൾ ആണ് ഈ സംവിധാനം മുഖേന ഏറ്റെടുക്കാനുദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ആലപ്പുഴയിലെ സർക്യൂട്ട് ടൂറിസം പദ്ധതി</u>

1033 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ സർക്യൂട്ട് ടൂറിസം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് അന്നത്തെ ടൂറിസം മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിയമസഭാ സമുച്ചയത്തിൽ വിളിച്ചു ചേർത്ത ആദ്യ യോഗം എന്നായിരുന്നു ; ആരൊക്കെ പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു ; എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടത് ; ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയത് ആരാണ് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അംഗീകരിച്ച കാക്കാത്തുരുത്ത്, തഴുപ്പ്, അരൂക്കുറ്റി എന്നിവിടങ്ങളിലെ പദ്ധതികൾക്ക് എത്ര രൂപാ വീതമാണ് അനുവദിച്ചത് ; അതിന്റെ ഭരണാനുമതി എന്നാണ് ലഭിച്ചത് ; പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

<u>പുന്നപ്ര - പറവൂർ ബീച്ച് ടൂറിസം പദ്ധതി</u>

1034 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര - പറവൂർ ബീച്ച് ടൂറിസത്തിന് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പെരുവണ്ണാമൂഴിയിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതി</u>

1035 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴിയിൽ കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന ടൂറിസം പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിനു വേണ്ടി സ്വാഗതസംഘം രൂപീകരിച്ചിട്ട് മാസങ്ങൾ കഴിഞ്ഞു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉദ്ഘാടന പരിപാടി നടത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) തടസ്സം മാറ്റി എന്നത്തേക്ക് ഉദ്ഘാടന പരിപാടി നടത്താൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

'ടേക്ക് എ ബ്രേക്ക്' പദ്ധതി

1036 ശ്രീ. കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പ് 'ടേക്ക് എ ബ്രേക്ക്' എന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വിനോദ സഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത്;

(ഡി) പദ്ധതിയിൽ വിവിധ സാങ്കേതിക വിദ്യകൾ എങ്ങനെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ടേക് - എ - ബ്രേക്ക് പദ്ധതി</u>

1037 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടേക് - എ -ബ്രേക്ക് പദ്ധതി പ്രകാരം ഏതെല്ലാം സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ കുളക്കട ഗ്രാമപഞ്ചായത്തിൽ കല്ലടയാറിനോടു ചേർന്ന് സ്ഥലം ലഭ്യമാക്കിയാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

ബി. ആർ. ഡി. സിയിലെ തുടർനിയമനം

1038 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ബി. ആർ. ഡി. സിയിൽ റിട്ടയർ ചെയ്ത ആർക്കെങ്കിലും തുടർ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്ക്; അത് സംബന്ധമായ ഗവൺമെന്റ് ഉത്തരവിന്റെയും ബി. ആർ. ഡി. സി നൽകിയ ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) തുടർ നിയമനം നല്കിയതിനുശേഷം ജോലി ചെയ്തിട്ടില്ലാത്ത കാലയളവിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബി. ആർ. ഡി. സി നല്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ടൂറിസം വകുപ്പിന് കീഴിലുള്ള മറ്റേതെങ്കിലും സ്ഥാപനത്തിൽ റിട്ടയർ ചെയ്ത ആർക്കെങ്കിലും തുടർ നിയമനം നല്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ബീച്ചിന്റെ സൗന്ദര്യവത്ക്കരണം</u>

1039 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നാക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ബീച്ചിലെ സൗന്ദര്യവത്ക്കരണ പ്രവർത്തനങ്ങൾ നിലച്ചതിനാൽ ലൈറ്റുകൾ പ്രവർത്തിക്കാതിരിക്കുന്നതും പാർക്ക് നശിച്ചുകൊണ്ടിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

റാണിപുരം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ പ്രവർത്തനം

1040 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഡി.ടി.പി.സിയുടെ കീഴിലുള്ള റാണിപുരം ടൂറിസ്റ്റ് കേന്ദ്രം ഉദ്ഘാടനം ചെയ്തത് എന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ചിറക്കുളം ടൂറിസം പദ്ധതി</u>

1041 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കാണക്കാരി പഞ്ചായത്തിലെ ചിറക്കുളം ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കാണക്കാരി പഞ്ചായത്ത് നൽകിയ പ്രപ്പോസലിൻമേൽ ടൂറിസം ഡയറക്ടർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ചിറക്കുളം ടൂറിസം പദ്ധതിയുടെ ഡീറ്റയിൽഡ് പ്രപ്പോസൽ ലഭ്യമായോ; ഈ ഫയലിൽ ഇനി തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി കോട്ടയം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറിയോ ; എങ്കിൽ ഫയൽ നമ്പരും തീയതിയും വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

<u>ആലപ്പാട് ഓച്ചിറ പഞ്ചായത്തിൽ ടൂറിസം വികസന സാധ്യത</u>

1042 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ആലപ്പാട് ഓച്ചിറ പഞ്ചായത്തിൽ കടലും കായലും ചേരുന്ന സ്ഥലത്തിന്റെ ടൂറിസം
വികസന സാധ്യതാ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; എന്തു തുക ഇതിനായി നീക്കി വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

'ഗവി' വിനോദസഞ്ചാര കേന്ദ്രം

1043 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് അടുത്തകാലത്ത് ഏറെ ശ്രദ്ധയാകർഷിച്ച പത്തനംതിട്ട ജില്ലയിലെ 'ഗവി' സന്ദർശനം സംബന്ധിച്ച് നിലവിൽ ഉണ്ടായികൊണ്ടിരിക്കുന്ന ക്രമസമാധാന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സന്ദർശകർക്കും തദ്ദേശവാസികൾക്കും സൗകര്യപ്രദമായ രീതിയിൽ വിനോദസഞ്ചാരം ക്രമീകരിക്കുന്നതിന് ആയതുമായി ബന്ധപ്പെട്ട് വരുന്ന ഇതര വകുപ്പുകളുമായി ചേർന്ന് ശാശ്വത പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

ഗ്രാമതലത്തിലെ ടൂറിസം വികസനം

1044 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമതലത്തിൽ ടൂറിസം വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(ബി) 'എന്റെ ഗ്രാമം ടൂറിസം സൗഹൃദഗ്രാമം' എന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(സി) കൊല്ലം ജില്ലയിൽ ഗ്രാമതലത്തിൽ ടൂറിസം വികസിപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതികൾ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ആരംഭിച്ചിട്ടുണ്ട് ; അവ എവിടെയെല്ലാം ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പുതിയകാവിൽ ചിറ-വാട്ടർ ടൂറിസം പദ്ധതി</u>

1045 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിൽ അടൂർ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട 'പുതിയകാവിൽ ചിറ'യുമായി ബന്ധപ്പെട്ടുളള വാട്ടർ ടൂറിസം പദ്ധതി പൂർത്തീകരിക്കാതെ മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറെ ടൂറിസം സാദ്ധ്യതകളുളള പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ഒട്ടുമ്പുറം ടൂറിസം കേന്ദ്രം - തീരദേശ സർക്യൂട്ട്

1046 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏറെ ടൂറിസം സാധ്യതയുള്ള ബിയ്യം കായലിനേയും കീരനെല്ലൂർ, കൂട്ടായി എന്നീ ടൂറിസം കേന്ദ്രങ്ങളേയും ഒട്ടുമ്പുറം ടൂറിസം കേന്ദ്രവുമായി ബന്ധിപ്പിച്ച് കൊണ്ട് തീരദേശ സർക്യൂട്ടായി പ്രഖ്യാപിക്കുന്ന കാര്യം ആലോചിക്കുമോ ; ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

താനൂര്‍ ഒട്ടുമ്പുറം ബീച്ച്-വികസന സാദ്ധ്യത

1047 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) താനൂര്‍ ഒട്ടുമ്പുറം ബീച്ച് ഏറെ വികസന സാദ്ധ്യതയുളള ടൂറിസ്റ്റ് കേന്ദ്രമാണെന്നകാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിദിനം നൂറ് കണക്കിന് സന്ദര്‍ശകരെത്തുന്ന പ്രസ്തുത ബീച്ചില്‍ ഒരു ഓപ്പണ്‍ ഓഡിറ്റോറിയം, ഫുഡ് കിയോസ്ക്, പവലിയനുകള്‍, അടിസ്ഥാന സൗകര്യങ്ങള്‍, ഹൈമാസ്ക് ലൈറ്റുകള്‍ എന്നിവ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ; വിശദവിവരങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പരവൂർ തെക്കുംഭാഗം, ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതി</u>

1048 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ തെക്കുംഭാഗം, ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിലെ ആദിച്ചനെല്ലൂർ ചിറഭാഗം എന്നിവ ഉൾപ്പെട്ട പ്രദേശങ്ങളിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട അപേക്ഷകൾ ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത അപേക്ഷ എന്നാണ് ലഭിച്ചതെന്നും, നാളിതുവരെ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) പരവൂർ തെക്കുംഭാഗം, ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

<u>ആഢ്യൻപാറ ടൂറിസം പദ്ധതി</u>

1049 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ആഢ്യൻപാറ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സമഗ്രവികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ വികസനത്തിനായി ഒരു പാക്കേജ് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

രാമപുരം ശ്രീരാമസ്വാമി ക്ഷേത്രം തീർത്ഥാടന - ടൂറിസം പദ്ധതി

1050 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ രാമപുരം ശ്രീരാമസ്വാമി ക്ഷേത്രം തീർത്ഥാടന ടൂറിസം പ്രദേശമായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കടലുകാണി ടൂറിസം പദ്ധതി</u>

1051 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ നടപ്പിൽ വരുത്തുന്ന കടലുകാണി ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും കരാറുകാർ ആരൊക്കെയാണെന്നും വിശദമാക്കാമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

ഇരിനൽ ക്രാഫ്റ്റ് വില്ലേജ് കേന്ദ്രീകരിച്ച് ടൂറിസം
പ്രപ്പോസലുകൾ

1052 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ഇരിനൽ ക്രാഫ്റ്റ് വില്ലേജ് കേന്ദ്രീകരിച്ച് ടൂറിസം മേഖലയിൽ നടപ്പാക്കുന്നതിനായി ഏതെല്ലാം പ്രോജക്ട് പ്രപ്പോസലുകളാണ് ടൂറിസം വകുപ്പിൽ സമർപ്പിച്ചിട്ടുള്ളത്; പ്രസ്തുത പ്രപ്പോസലുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇരിനൽ സർഗ്ഗാലയിൻ മ്യൂസിക്കൻ ഫൗണ്ടൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഇരിനൽ ക്രാഫ്റ്റ് വില്ലേജ് നടത്തിപ്പിനായി ചുമതലപ്പെടുത്തിയ വി.എൽ.സി.സി. ലിമിറ്റഡ് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രോജക്ട് പ്രപ്പോസലിൽ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ 'മീൻവല്ലം' ടൂറിസം പ്രോജക്ട്

1053 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ 'മീൻവല്ലം' ടൂറിസം പ്രോജക്ട് പരിഗണനയിലുണ്ടോ ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ എന്തായെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പ്രോജക്ട് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി

1054 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി പൂർത്തിയാകാതെ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുടങ്ങിക്കിടക്കുന്ന പദ്ധതി പുനരാരംഭിച്ച് പദ്ധതി പൂർത്തിയാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ബി. ആർ. ഡി. സി യുടെ റിസോർട്ടുകൾ

1055 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ ബേക്കലിൽസ്ഥാപിക്കപ്പെട്ട ബി. ആർ. ഡി. സി യുടെ റിസോർട്ടുകൾ എത്രയാണ്; അവയിൽ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചവ എത്ര; ഏതൊക്കെ;

(ബി) റിസോർട്ടുടമകളും ബി. ആർ. ഡി. സി യും തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം ഓരോ ഉടമയും ബി. ആർ. ഡി. സി യിൽ അടച്ചു തീർക്കേണ്ടിയിരുന്ന ഇനത്തിൽ കുടിശ്ശിക തുക എത്രയാണന്ന് വിശദമാക്കാമോ;

(സി) കുടിശ്ശിക തുക ഈടാക്കുന്നതിന് ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; കുടിശ്ശിക പിരിക്കാനുള്ള മാനേജിംഗ് ഡയറക്ടറുടെ ഏതെങ്കിലും നടപടി സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക പിരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) ബി. അർ. ഡി. സിയുടെ അവശേഷിക്കുന്ന റിസോർട്ടുകൾ ഏത് തീയതിക്കകം കമ്മീഷൻ ചെയ്യാൻ സാധ്യമാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>ദില്ലി അന്താരാഷ്ട്ര വ്യാപാര മേള</u>

1056 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-ലെ ദില്ലി അന്താരാഷ്ട്ര വ്യാപാരമേളയിൽ കേരള ഭക്ഷണശാല നടത്തുന്നതിന് കെ.ടി.ഡി.സി.യോട് ആവശ്യപ്പെട്ടിരുന്നോ ;

(ബി) കഴിഞ്ഞ എത്ര വർഷമായി ദില്ലി അന്താരാഷ്ട്ര വ്യാപാര മേളകളിൽ കെ.ടി.ഡി.സി. ഭക്ഷണശാലകൾ നടത്തിവരുന്നു ;

(സി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി. ശാരംഗധരൻ,
തിരുവനന്തപുരം
സെക്രട്ടറി
2012 ഡിസംബർ 03.
'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.